# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-3/1007/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-3/1007/2022 തീയ്യതി: 29/09/2022

## ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-07-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 08-08-2022 | 20-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-08-2022 | 20-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സജിതാ ദാസ് ,ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീമതി. ദീപ കെ ഗോപാൽ ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുഷ റ്റി പിള്ള ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ .ഷിബു എ പി ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗിരിജാ ഭായി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഉല്ലാസ് കുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീതാകുമാരി ബി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഐസക് സാം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു റ്റി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 15-11-2022 |
| ശ്രീമതി അനൂജ വി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ഡോ.ലാവണ്യാ രോഹിത് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ശ്രീധർ.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ഗാന്ധിമതി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ഫാത്തിമ എച്ച് ഹമീദ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 10-12-2021 |
| ഒഴിവ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 11-12-2021 | 14-12-2021 |
| ശ്രീമതി സിബി സോമന് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 15-12-2021 | 31-03-2022 |
| ശ്രീമതി ബിന്ദു.വി | ഹെഡ്മിസ്ട്രസ്സ് (ഇൻ ചാർജ്) | 01-04-2021 | 31-10-2021 |
| ശ്രീമതി മഞ്ജുളനാദ്.ടി.കെ | ഹെഡ്മിസ്ട്രസ്സ് | 01-11-2021 | 03-12-2021 |
| ശ്രീ ശിവദാസ്.ജെ | ഹെഡ്മാസ്റ്റർ | 04-12-2021 | 31-03-2022 |
| ശ്രീ ബേബി ബി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 30-10-2021 |
| ശ്രീമതി സിന്ധു ഒ | അസിസ്റ്റന്റ് എൻജിനീയർ | 31-10-2021 | 31-03-2022 |
| ശ്രീ അജിത്ത് പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ജോബിൻകുര്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജയശ്രീ ജെ.ബി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 04-07-2021 |
| ശ്രീമതി ഡോണിയ എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 14-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-08-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-08-2022) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 19-08-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 19-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-9 |
| 11 | ഷോപ്പിംഗ് കോംപ്ലക്സ് -മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിയ്ക്കുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 20-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-09-2022) | 1-10 |
| 12 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി-കീഴ് വാടകക്ക് നൽകിയിരിക്കുന്നു.<br>Written By: A.P.Shibu (Senior Grade Auditor, On 20-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-11 |
| 13 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് -കടമുറി ലേലം -അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 20-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-09-2022) | 1-12 |
| 14 | സാമൂഹ്യ പെൻഷൻ അപാകതകൾ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 20-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-09-2022) | 1-13 |
| 15 | ജനപ്രതിനിധികൾ ഒരേ ദിവസം തൊഴിലുറപ്പ് മസ്റ്റർ റോളിലും കമ്മിറ്റി ഹാജർ ബുക്കിലും ഒപ്പ് വച്ച് വേതനം കൈപ്പറ്റി<br>Written By: Susha.T.Pillai (Asst. Audit Officer, On 19-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-08-2022) | 1-14 |
| 16 | വാട്ടർ ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത ഇല്ല – ഫൈൻ ആയി ഡിമാന്റ് | 1-15 |

| | | |
|---|---|---|
| | ചെയ്യുന്ന തുക ഒടുക്കുന്നില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 23-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-09-2022) | |
| 17 | പാലിയേറ്റീവ് കെയർ - മരുന്ന്, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-16 |
| 18 | ഗവ.യു.പി.എസ് അനുബന്ധചെലവുകൾ -അംഗീകൃത എസ്റ്റിമേറ്റില്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചു.<br>Written By: A.P.Shibu (Senior Grade Auditor, On 20-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 28-09-2022) | 1-17 |
| 19 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പൂർത്തീകരണവിവരം ലഭ്യമല്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-18 |
| 20 | ബോർവെൽ നിർമ്മാണം - പദ്ധതിലക്ഷ്യം കൈവരിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-19 |
| 21 | പി.എച്ച്.സി കെട്ടിടത്തിന് ഫസ്റ്റ് ഫ്ലോർ നിർമ്മാണം- അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (So54/22)-പാർട്ട് ബില്ലിൽ നിന്നും റിറ്റൻഷൻ കുറവ് വരുത്തിയില്ല.<br>Written By: Sajitha Das (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-20 |
| 22 | ഹോമിയോ ഹോസ്പിറ്റലിന്റെ മുൻവശത്ത് ടസ് വർക്കും നിലവിലുള്ള കെട്ടിടത്തിന്റെ മെയിന്റനൻസും - ഡിസ്മാന്റിൽ ചെയ്ത ഇനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Sajitha Das (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-21 |
| 23 | പൊതുവിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തൽ - മഹാദേവികാട് യു.പി.എസ് നിർമ്മാണപ്രവർത്തനങ്ങൾ-പൊതുമരാമത്ത് മാനുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പിഴ ഒടുക്കി.<br>Written By: Sajitha Das (Audit Officer (HG), On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-22 |
| 24 | ഭവന നിർമ്മാണത്തിനായി ലഭിച്ച തുക വർഷങ്ങൾക്കു ശേഷവും വിനിയോഗിക്കാതെ അവശേഷിക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 19-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-23 |
| 25 | ഓഡിറ്റ് തുടർ നടപടി- ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു<br>Written By: Susha.T.Pillai (Asst. Audit Officer, On 20-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-24 |
| 26 | പി.എച്ച്.സി.യിലെ അനുബന്ധചെലവുകൾ – പ്രോജക്ട് അംഗീകാരത്തിന് വിരുദ്ധമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി<br>Written By: Deepa.K.Gopal (Asst. Audit Officer, On 22-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-25 |
| 27 | മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-26 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Deepa.K.Gopal (Asst. Audit Officer, On 23-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 1-27 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-08-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 15-08-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-08-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 22-08-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-08-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-08-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sajitha Das (Audit Officer (HG), On 15-08-2022)<br>Last Updated By: Rajeev R (Deputy Director, On 28-09-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 17.02.21 ലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 141388000 | 145014449 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 62296991 | 56950496 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 143669566 | 148132234 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 11.05.2022(എയിംസ് മുഖേന) |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക കണക്കിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ജില്ലാ കോപ്പറേറ്റീവ് ബാങ്കിൽ ഡെപ്പോസിറ്റായി രേഖപ്പെടുത്തിയ താഴെ പറയുന്ന തുകകൾ നിലവിലും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

ചെക്ക് നം .2818963/07.02.20 - 37500

ചെക്ക് നം .903772/16.02.18- 5600

ചെക്ക് നം .2303651/24.09.19-3750

ഓഡിറ്റ് അന്വേഷണത്തിന്, തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച തുകയാണെന്നും ട്രഷറിക്ക് കത്ത് അയച്ചിട്ടുണ്ടെന്നും മറുപടി നൽകി.

3)ലൈഫ് പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച് ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 173950 രൂപ 2021-22 ൽ ഗുണഭോക്താവിന് അനുവദിച്ചിരുന്നുവെങ്കിലും ഈ തുക സുലേഖ ചെലവ് പത്രികയിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

4) തൻവർഷം രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയും പ്രകാരമുള്ള തുകകൾ ഭൂജല വകുപ്പിൽ നിക്ഷേപിച്ചിരുന്നു.

| പ്രോജക്റ്റ് നം. | തുക |
|---|---|
| 97/22 | 1388500 |
| 148/22 | 397661+17353+49000+88486(തനത് ഫണ്ട്)= 552500 |

| | |
|---|---|
| | |
| | 1941000 |

എന്നാൽ വാർഷിക കണക്കിൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ തന്നെ തനത് ഫണ്ട് ചെലവായ 88486 രൂപ ഡെപ്പോസിറ്റ് ഹെഡിലും ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5)തൻവർഷം സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി 1497000 രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിരുന്നു. Deposit With Kerala Electricity Board എന്ന ഹെഡിൽ 1492000 മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നുമുള്ള തുകയായ 5000 രൂപ ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

6)സപ്ലിമെന്ററി ന്യൂട്രീഷൻ, ജില്ലാ പഞ്ചായത്ത് വിഹിതമായി 10.10.19 ൽ ലഭിച്ച 100000 രൂപയിൽ 38680 രൂപ മാത്രമേ 2019-20 ൽ ചെലവഴിച്ചിരുന്നുള്ളൂ. ബാലൻസ് തുകയായ 61320 രൂപ നിലവിലും ഈ അക്കൗണ്ടിൽ നിലനിൽക്കുന്നു. തുക ജില്ലാ പഞ്ചായത്തിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

7)ബാലൻസ് ഷീറ്റിലെ ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിലേക്ക് ആസ്തി രജിസ്റ്റർ മൂല്യം ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11557637 |
| വരവ് | 50739354 |
| ആകെ | 62296991 |
| ചെലവ് | 56950496 |
| നീക്കിയിരിപ്പ് | 5360913 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ നിരാകരിച്ച തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3793150.35 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | |
| വികസനഫണ്ട് പൊതുവിഭാഗം | - | 2763544 | 7437318 | 10200862 | 2763544 | 7178458 | 258860 |
| വികസനഫണ്ട് എസ്.സി.പി. | - | 78790 | 2265251 | 2344041 | 78790 | 2264210 | 1041 |
| വികസനഫണ്ട് ടി.എസ്.പി. | - | | 5800 | 5800 | | | 5800 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | - | | 3457257 | 3457257 | | 3181102 | 276155 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | | | 6973391 | 6973391 | | 5961609 | 1011782 |
| സംരക്ഷണഗ്രാന്റ് റോഡ് | - | | 9083072 | 9083072 | | 5334325 | 3748747 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | | 5511846 | 5511846 | | 3342843 | 2169003 |
| പെർഫോമൻസ് ഗ്രാന്റ് | 2099488 | | 54950 | 2154438 | | 2154204 | 234 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 139 | 68849441 | 103 | 41310354 | 6 | 36 | 74 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 57975 | 1106208 | 1164183 | 1161364 | 2819 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 54994874 | 54994874 | 54994874 | |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 20390700 | 1658 |
| കർഷകതൊഴിലാളി പെൻഷൻ | 3466600 | 237 |
| വിധവാ പെൻഷൻ | 11644600 | 809 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതപെൻഷൻ | 1341200 | 94 |
| വികലാംഗ പെൻഷൻ | 3369300 | 230 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-08-22- 12.10 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

4.സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

6.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 ഷോപ്പിംഗ് കോംപ്ളക്സ് -മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിയ്ക്കുന്നു

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടത്തിന്റെ വാടക സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു,

1) ഷോപ്പിംഗ് കോംപ്ളക്സിന്റെ സ്റ്റെയർ റൂം അളന്ന് തിട്ടപ്പെടുത്തി വാടകയ്ക്ക് നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായതായിരുന്നു, എന്നാൽ ടി സ്റ്റെയർ റൂം അനധികൃതമായി ഫ്രീസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ കണക്ട് ചെയ്ത് ഉപയോഗിയ്ക്കുന്നു. ഇതിന് വാടക ഈടാക്കുന്നില്ല.

2) ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ നമ്പറിട്ട് തിരിച്ചതായി കാണുന്നില്ല.

3) ഷോപ്പിംഗ് കോംപ്ളക്സിലെ താഴത്തെ നിലയിലെ സ്റ്റെയർ റൂമിനടുത്തുള്ള മുറിയും, ഷോപ്പിംഗ് കോംപ്ളക്സിലെ മുകളിലത്തെ നിലയിലെ രണ്ട് മുറികളും വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടിരിയ്ക്കുകയാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 09/21-22 നം. ഓഡിറ്റ് എൻക്വയറിയ്ക്ക നൽകിയ മറുപടിയിൽ ഷോപ്പിംഗ് കോംപ്ളക്സിലെ സ്റ്റെയർറൂമിൽ അനധികൃതമായി കാണപ്പെട്ട ഫ്രീസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്നും ടി സ്റ്റെയർറൂം അളന്ന് തിട്ടപ്പെടുത്തി വാടക നിശ്ചയിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നുമറിയിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി സെക്ഷനിൽ നിന്നും വാടക തിട്ടപ്പെടുത്തി വാങ്ങി ലേല നടപടികൾ സ്വീകരിച്ച് സ്റ്റെയർറൂം വാടകയ്ക്ക് നൽകേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സിലെ എല്ലാ മുറികൾക്കും നമ്പർ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിയെന്നാ ണറിയിച്ചിരിയ്ക്കുന്നത്. രജിസ്റ്ററിൽ മാത്രമല്ല കടമുറികൾക്കും നമ്പറിട്ട് തിരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ളക്സിലെ മുകളിലത്തെ രണ്ട് മുറികൾ പെർഫോർമൻസ് ഓഡിറ്റ് പ്രവർത്തിച്ചിരുന്നതാണെന്നും 2022 ജൂൺ മാസം മാത്രമാണ് ടി മുറികൾ ഒഴിഞ്ഞതെന്നും 'ടി മുറികളുടെ സീലിംഗ് പല സ്ഥലത്തായി ഇളകി വീണിട്ടുള്ളതിനാൽ അറ്റകുറ്റ പണി നടത്തിയ ശേഷം മാത്രമേ വാടകയ്ക്കു നൽകാൻ സാധിയ്ക്കുകയുള്ളൂ എന്നാണറിയിച്ചിട്ടുള്ളത്. ടി മുറികൾ അറ്റകുറ്റ പണി നടത്തി വാടക കണക്കാക്കിയ ശേഷം ലേല നടപടികൾ സ്വീകരിച്ച് വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഷോപ്പിംഗ് കോംപ്ളക്സിലെ താഴത്തെ നിലയിലെ സ്റ്റെയർറൂമിന് ഇടതു വശത്തുള്ള മുറി വാടകയ്ക്ക് നൽകാത്തത് സംബന്ധിച്ച് മറുപടിയിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല, ടി മുറി വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വരുമാന മാർഗ്ഗമാകുന്ന ടി മുറികൾ എത്രയും പെട്ടന്ന് മാർക്കറ്റ് ഡിമാന്റനുസരിച്ച് വാടക നിശ്ചയിച്ച് ലേല നടപടികളിലൂടെ വാടകയ്ക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ് കടമുറി-കീഴ് വാടകക്ക് നൽകിയിരിക്കുന്നു.

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടത്തിലെ 10/127-ാം നം. കടമുറി വാടകയ്ക്ക്

എടുത്തിരുന്നത് ശ്രീ. ബഷീർ ഷാജിതാഭവനം എന്നയാളായിരുന്നു. ടിയാൾ ടി മുറി ശ്രീ. നന്ദകുമാർ, അരുൺഭവനം എന്നയാൾക്ക് കീഴ് വാടകയ്ക്ക് നൽകിയിരുന്നതിനാൽ ടി മുറിയുടെ വാടകകരാർ റദ്ദ് ചെയ്യുന്നതിനും ടിയാളെ കടമുറിയിൽ നിന്നും ഒഴിപ്പിയ്ക്കുന്നതിനും 16/04/21 ലെ 12(4)-ാം നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണ്. ഇതേ തുടർന്ന് 23/4/21 ലെ സി4/2474/12 നം. കത്ത് പ്രകാരം മുറി ഒഴിപ്പിയ്ക്കാതിരിയ്ക്കാൻ ശ്രീ. ബഷീറിന് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയിട്ടുള്ളതും, തുടർന്ന് ശ്രീ. ബഷീറിനെ നേരിൽ കേൾക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതേ തുടർന്ന് 30/09/21 ൽ കടമുറി ഒഴിയാൻ സന്നദ്ധനാണെന്നറിയിച്ചിട്ടുള്ളതുമാണ്, എന്നാൽ ഇപ്പോഴും ടി കടമുറി കീഴ് വാടകയ്ക്കെടുത്തിരിയ്ക്കുന്ന ശ്രീ. നന്ദകുമാർ, അരുൺഭവനം എന്നയാൾ തന്നെയാണ് ടി കടമുറിയിൽ കച്ചവടം ചെയ്യുന്നത്. മാത്രമല്ല 10-ാം മാസം മുതൽ ടി കടമുറിയ്ക്ക് വാടക ലഭ്യമായിട്ടില്ല. 30/09/21 ൽ ശ്രീ. നന്ദകുമാർ തന്നെ ഇറക്കിവിടരുതെന്ന് കാണിച്ച കൊണ്ട് നോട്ടീസ് സെക്രട്ടറിയ്ക്ക് നൽകിയിരുന്നെങ്കിലും ഇതിന് ഉപോൽബലകമായി കോടതി വിധികളൊന്നും ഹാജരാക്കിയിട്ടില്ല. 10/21 മുതലുള്ള വാടക ഈടാക്കാത്തതിനും, അനധികൃതമായി കടമുറി കൈവശം വെച്ചുപയോഗിയ്ക്കുന്നതിനുമെതിരെ നടപടി സ്വീകരിയ്ക്കാത്തതും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/12-08-22 ന് നൽകിയ മറുപടിയിൽ 21-10-21 ന് ടി കടമുറിയുടെ തുടർനടപടി നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ട് വക്കീൽ നോട്ടീസ് ലഭിയ്ക്കുകയും തുടർന്ന് ഹരിപ്പാട് മുൻസിഫ് കോടതി സ്റ്റേ അനുവദിയ്ക്കുകയും ചെയ്തു എന്നാണ് അറിയിച്ചിരിയ്ക്കുന്നത്, എന്നാൽ ടി സ്റ്റേ ഉത്തരവ് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. തുടർന്ന് 10/2021 ൽ ടി കടമുറിയുടെ വാടകയിനത്തിലും കേസിനത്തിലും ഉണ്ടായ നഷ്ടം പരിഹരിയ്ക്കാൻ പഞ്ചായത്ത് എതിർ സത്യവാങ്മൂലം നൽകി കേസ് ഫയൽ ചെയ്തിട്ടുണ്ടുവെന്നും കേസിന്റെ വിധി വരുന്ന മുറയ്ക്ക് നഷ്ടപരിഹാരം ഈടാക്കാനും ടി കടമുറി ലേലം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിയ്ക്കുമെന്നും അറിയിച്ചിട്ടുണ്ട്. കേസിന്റെ വിധിയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സ് -കടമുറി ലേലം -അപാകതകൾ സംബന്ധിച്ച്

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടത്തിലെ 5-ാം നം. കടമുറി വാടകയ്ക്ക് എടുത്തിരുന്നത് ശ്രീ. സുരേഷ് പുത്തൻകണ്ടത്തിൽ എന്നയാളായിരുന്നു. ടിയാൾ ടി മുറി ശ്രീ. നന്ദകുമാർ, അരുൺഭവനം എന്നയാൾക്ക് കീഴ് വാടകയ്ക്ക് നൽകിയിരുന്നതിനാൽ ടി മുറിയുടെ വാടകകരാർ റദ്ദ് ചെയ്യുന്നതിനും ടിയാളെ കടമുറിയിൽ നിന്നും ഒഴിപ്പിയ്ക്കുന്നതിനും 16/04/21 ലെ 12(4)-ാം നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണ്. ഇതേ തുടർന്ന് 23/4/21 ലെ സി4/2474/12 നം. കത്ത് പ്രകാരം മുറി ഒഴിപ്പിയ്ക്കാതിരിയ്ക്കാൻ ശ്രീ. സുരേഷിന് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്, തുടർന്ന് 13/12/21 തീയതിയിൽ പഞ്ചായത്ത് ഓഫീസിൽ വെച്ച് നടന്ന ലേലത്തിൽ ശ്രീ. മുഹമ്മദ് നിസാം, കിഴക്കേടത്ത് എന്നയാൾ 20600/-രൂപയ്ക്ക് ടി കടമുറി ലേലം കൊള്ളുകയും 21.12.21 ലെ 9(1) നം. കമ്മിറ്റി തീരുമാനം വഴി അംഗീകരിയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 11-02-22 ൽ ടിയാൾ കട നടത്താൻ സാധിയ്ക്കുകയില്ലാത്തതിനാൽ താക്കോൽ തിരികെ ഏൽപ്പിയ്ക്കുകയും ചെയ്തു. ഇതേ തുടർന്ന് 26/03/22 ൽ പഞ്ചായത്ത് കോൺഫറൻസിൽ വെച്ച് നടന്ന ലേലത്തിൽ സുമ, ചെമ്പകപ്പള്ളിൽ കിഴക്കതിൽ എന്നയാൾ 15200/-രൂപയ്ക്ക് ലേലം കൈകൊള്ളുകയും എന്നാൽ തുക അന്നേ ദിവസം കെട്ടിവെയ്ക്കാൻ കഴിയാത്തതിനാൽ ടിയാൾ ലേലത്തിൽ നിന്നും പിൻമാറുകയും ചെയ്തു. ഇതേ തുടർന്ന് 26/06/2022 ലെ 8(1) നം. കമ്മിറ്റി തീരുമാനപ്രകാരം കടമുറിയുടെ വാടക നിശ്ചയിക്കുന്നതിന് അസി.എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തു (18/03/22 ലെ സി4/450/22 നം. കത്ത്). ഇതേ തുടർന്ന് 26/03/22 ലെ 28/AE/2022 നം. റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വാടക 2896/- രൂപയായി പുനർനിർണ്ണയിച്ചിട്ടുണ്ട്. ടി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

13/12/21 തീയതിയിൽ പഞ്ചായത്ത് ഓഫീസിൽ വെച്ച് നടന്ന ലേലത്തിൽ 20600/- രൂപയ്ക്കാണ് ലേലം കൈക്കൊണ്ടത്, തൊട്ടു പുറകെ ലേലം വിളിച്ചവർ 20500/- രൂപയും, (ശ്രീ.എ.എ കരിം, കോടമ്പള്ളി പടീറ്റതിൽ), 20000/-രൂപ (ശ്രീ. വേണുഗോപാൽ വൈശാഖം) എന്ന നിരക്കിലും ലേലം വിളിച്ചിട്ടുണ്ട്, 26/03/22 ൽ നടന്ന ലേലത്തിൽ ടി മുറി 15200/-രൂപ വരെ ലേലം വിളിച്ചിട്ടുണ്ട്. എന്നാൽ വാടക പുനർനിർണ്ണയിച്ച ശേഷം നടന്ന ലേലത്തിൽ ടി മുറിയുടെ വാടക 8200/-രൂപയ്ക്കാണ് ലേലം കൈക്കൊണ്ടത് (ബെന്നി ഫിലിപ്പോസ്, കോട്ടയ്ക്കകത്ത്, കാർത്തികപ്പള്ളി). ലേല ഡയറിയിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ടി ദിവസം നടന്ന ലേലത്തിൽ പങ്കെടുത്തവർ വിളിച്ച നിരക്കുകൾ വ്യക്തമല്ല. ശരാശരി 15000/-രൂപയ്ക്കും 20000/-രൂപയ്ക്കുമിടയിൽ മാർക്കറ്റ് നിരക്കുള്ള ടി മുറിയാണ് 8200/-രൂപയ്ക്ക് ലേലത്തിൽ പോയിരിയ്ക്കുന്നത്. മാർക്കറ്റിൽ ഉയർന്ന ഡിമാന്റുള്ള ടി മുറിയ്ക്ക് അതിന്റെ മാർക്കറ്റ് വാല്യൂ പരിഗണിയ്ക്കാതെയാണ് വാടക നിശ്ചയിച്ചിരിയ്ക്കുന്നത്. പഞ്ചായത്തിന് ലഭിയ്ക്കേണ്ടിയിരുന്ന വാടകയിൽ പ്രതിമാസം 7000/-രൂപ മുതൽ 12300/-രൂപയുടെ വ്യത്യാസമാണുണ്ടായിരിയ്ക്കുന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/16-08-22 നൽകിയ മറുപടിയിൽ 13/12/2021 ൽ നടന്ന ലേലത്തിൽ ശ്രീ. മുഹമ്മദ് നിസാം എന്നയാൾ ലേലം കൊണ്ടെങ്കിലും അയാൾ ഒരു ദിവസം പോലും കട പ്രവർത്തിപ്പിച്ചില്ലെന്നും, ടിയാൾ വാശിപ്പുറത്ത് വിട്ടു വീഴ്ചയില്ലാതെ ലേലം വിളിച്ചതിനാലാണ് നിരക്ക് ഉയർന്നതെന്നും അറിയിച്ചിരിയ്ക്കുന്നത്. മുൻ ലേലത്തിൽ പങ്കെടുത്തവർ ടി കടമുറിയുടെ പുനർലേലത്തിൽ പങ്കെടുത്തിട്ടില്ലെന്നുമാണ് അറിയിച്ചത്.

മാർക്കറ്റിൽ ഉയർന്ന ആവശ്യകതയുണ്ടായിരുന്നപ്പോഴാണ് ടി കടമുറി താഴ്ന്ന നിരക്കിൽ ലേലം ചെയ്തത്. ടി കടമുറി ലേലം ചെയ്യുന്നതിന് മുൻപ് മുൻനിരക്കുകളും മാർക്കറ്റിലെ ആവശ്യകത കൂടി പരിഗണിയ്ക്കേണ്ടിയിരുന്നു. ഭാവിയിൽ ലേലം നടത്തുമ്പോൾ മുൻനിരക്കുകളും, മാർക്കറ്റിലെ ആവശ്യകത കൂടി പരിഗണിച്ചും ലേല നടപടികൾ സ്വീകരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-13 സാമൂഹ്യ പെൻഷൻ അപാകതകൾ സംബന്ധിച്ച്

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.

| ക്രമ നം. | പെൻഷൻ ഐഡി നം. | പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 104740200102 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | നാരായണൻ | 25/10/2019 | 10/2019 മുതൽ 06/22 വരെ | 51000 | സേവനയിൽ ഇപ്പോഴും സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നു. |
| 2 | 104740201042 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ലക്ഷ്മി | 06/06/2018 | 06/2018 മുതൽ 06/22 വരെ | 33900 | സേവനയിൽ ഇപ്പോഴും സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നു. |
| 3 | 104740201177 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല | ഭാർഗ്ഗവി | 19/07/2018 | 07/2018 മുതൽ 06/22 വരെ | 33300 | സേവനയിൽ ഇപ്പോഴും സ്റ്റാറ്റസ് ആക്ടീവ് ആയി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പെൻഷൻ | | | | | തുടരുന്നു. |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ (എം.എസ്) നം.-97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ മരണം കാർത്തികപ്പള്ളി പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/17-08-22) ന് നൽകിയ മറുപടിയിൽ 06/08/22 ലെ പഞ്ചായത്ത് കമ്മിററി തീരുമാനപ്രകാരം (7(1)) സേവനയിൽ നിന്നും നീക്കം ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടെന്നും ടി ഗുണഭോക്താക്കളെ സേവനയിൽ നിന്നും നീക്കം ചെയ്തു എന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയ 17-08-22 വരെയും ടി ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവായിരുന്നു. ഓഡിറ്റ് എൻക്വയറി നൽകിയ ശേഷം ടി അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിരിയ്ക്കുന്ന ഗുണഭോക്താക്കൾ ചില ഉദാഹരണങ്ങൾ മാത്രമാണ്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-14 ജനപ്രതിനിധികൾ ഒരേ ദിവസം തൊഴിലുറപ്പ് മസ്റ്റർ റോളിലും കമ്മിറ്റി ഹാജർ ബുക്കിലും ഒപ്പ് വച്ച് വേതനം കൈപ്പറ്റി

ഫയൽ നം.3253/21

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളായ ശ്രീമതി .മിനി പ്രസാദ് (വാർഡ് -3), ശ്രീമതി സുമാ രാജു(വാർഡ് 4), ശ്രീമതി ബിനു ഷാംജി (വാർഡ് -10) എന്നിവർ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മസ്റ്റർ റോളിലും, കമ്മിറ്റി അറ്റൻഡൻസ് രജിസ്റ്ററിലും ഒരേ തീയതിയിൽ ഒപ്പിട്ടിട്ടുള്ളതായും ഇവയ്ക്ക് രണ്ടിനുമുള്ള വേതനം കൈപ്പറ്റിയിട്ടുള്ളതായും ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 06.11.2021 ,25.11.2021 ,21.01.2022 തീയതികളിലെ ജനറൽ കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജനപ്രതിനിധികൾ ഒരേ ദിവസം തൊഴിലുറപ്പ് മസ്റ്റർ റോളിലും വിവിധ കമ്മിറ്റികളുടെ ഹാജർ ബുക്കുകളിലും ഒപ്പ് വച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് അംഗത്തിന്റെ പേര് | പരാതിയിൽ പരാമർശിച്ചിട്ടുള്ള തീയതികൾ | പങ്കെടുത്ത കമ്മിറ്റി | അതേ ദിവസം ഒപ്പിട്ട മസ്റ്റർ റോൾ നമ്പർ | മസ്റ്റർ റോൾ പ്രകാരമുള്ള പ്രവർത്തിയുടെ മേറ്റിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| ശ്രീമതി .മിനി പ്രസാദ് (വാർഡ് -3) | 20.01.2021 | പഞ്ചായത്ത് കമ്മിറ്റി | 24723 | ശ്രീമതി.ശ്രീകല | |
| ശ്രീമതി സുമാ രാജു(വാർഡ് 4) | 29.01.2021 | പഞ്ചായത്ത് കമ്മിറ്റി | 25808 | ശ്രീമതി.മോഹന കുമാരി | |
| | 04.02.2021 | പഞ്ചായത്ത് കമ്മിറ്റി | 26780 | ശ്രീമതി.മോഹന കുമാരി | |
| | 12.02.2021 | പഞ്ചായത്ത് | 28224 | ശ്രീമതി.മോഹന | |

| | | | | | |
|---|---|---|---|---|---|
| | | കമ്മിറ്റി | | കുമാരി | |
| | 26.02.2021 | പഞ്ചായത്ത് കമ്മിറ്റി | 30343 | ശ്രീമതി.ശ്രീജ | |
| | 01.09.2021 | പഞ്ചായത്ത് കമ്മിറ്റി | 6628 | ശ്രീമതി.സിന്ധു. | |
| | 20.09.2021 | പഞ്ചായത്ത് കമ്മിറ്റി | 10274 | ശ്രീമതി.സിന്ധു. | |
| | 20.10.2021 | പഞ്ചായത്ത് കമ്മിറ്റി | 14435 | ശ്രീമതി.രാജശ്രീ | |
| | 10.03.2021 | ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 35951 | ശ്രീമതി.രമ്യ | |
| | 25.09.2021 | ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 11481 | ശ്രീമതി.ശ്രീജ | |
| ശ്രീമതി .ബിന്ദു ഷാംജി (വാർഡ് -10) | 20.10.2021 | പഞ്ചായത്ത് കമ്മിറ്റി | 14067 | ശ്രീമതി.ശ്രീലത | ഈ മൂന്ന് തീയതികളിലും സിറ്റിംഗ് ഫീസ് അനുവദിക്കേണ്ടെന്ന് 25.11.2021ൽ അപേക്ഷ സമർപ്പിച്ചു |
| | 28.10.2021 | പഞ്ചായത്ത് കമ്മിറ്റി | 15885 | ശ്രീമതി.സിന്ധു.എസ് | |
| | 16.10.2021 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 14067 | ശ്രീമതി.ശ്രീലത | |

ജനപ്രതിനിധികൾ ഒരേ ദിവസം തൊഴിലുറപ്പ് പദ്ധതി മസ്റ്റർ റോളിലും പഞ്ചായത്ത് കമ്മിറ്റിയിലും ഒപ്പ് രേഖപ്പെടുത്തിയതിന്മേൽ സെക്രട്ടറി ജില്ലാ ഗവ.പ്ലീഡറോട് നിയമോപദേശം ആവശ്യപ്പെട്ടതിന്, ഒരേ സമയം ഇവർ രണ്ട് വ്യത്യസ്ത കാര്യങ്ങളിൽ പങ്കെടുത്തതിനാൽ തൊഴിലുറപ്പ് ജോലിയിൽ പങ്കെടുക്കുന്നതിനുള്ള വേതനം ഒഴിവാക്കാനായി നടപടി സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ല-ഓംബുഡ്സ്മാന്റെ 06.04.2022znz OMB/ALP /AW/07/2022നമ്പർ നടപടിക്രമത്തിൽ ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത ദിവസങ്ങളിൽ തൊഴിലുറപ്പ് മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തി കൈപ്പറ്റിയ മുഴുവൻ തുകയും കൈപ്പറ്റിയ നാൾ മുതൽ ഉത്തരവ് തീയതി വരെ 9% പലിശ ഉൾപ്പെടെ തൊഴിലുറപ്പ് ഫണ്ടിൽ തിരിച്ചടക്കേണ്ടതാണെന്നും വിവരം 30 ദിവസത്തിനുള്ളിൽ ഓംബുഡ്സ്മാനിൽ അറിയിക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

ജില്ലാ ഗവ.പ്ലീഡർ നല്കിയ നിയമോപദേശം, ആലപ്പുഴ ജില്ല-ഓംബുഡ്സ്മാന്റെ ഉത്തരവ് എന്നിവ പാലിച്ച് ജനപ്രതിനിധികളിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും ഇല്ലായെങ്കിൽ അതിന്റെ കാരണവും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം.നം.04/21-22/11.08.22 ന് പ്രസ്തുത ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ മുൻപാകെ 58/2022 നമ്പരായി സമർപ്പിച്ചിട്ടുള്ള പരാതിയുടെ അന്തിമ വിധി വരുന്നതു വരെ തൊഴിലുറപ്പ് ഓംബുഡ്സ്മാന്റെ വിധി നടപ്പാക്കരുതെന്ന് ബഹു.കേരള ഹൈക്കോടതിയുടെ WP(C) No. 15726/2022 നമ്പരായുള്ള ഉത്തരവ് ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു .

കേസ് തീർപ്പാകുന്ന മുറയ്ക്ക് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വാട്ടർ ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത ഇല്ല – ഫൈൻ ആയി ഡിമാന്റ് ചെയ്യുന്ന തുക ഒടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് 13.04.2021-ൽ ലഭിച്ച 50914 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 31.03.2021 ലെ വെള്ളക്കര കുടിശ്ശിക 1770907/- രൂപയും 3/22 ൽ ലഭിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം തൻമാസത്തെ ഡിമാന്റ് ഉൾപ്പെടെ 2427454/-രൂപയും കുടിശ്ശിക ഉണ്ട്. 2021-22 സാമ്പത്തിക വർഷം ഏപ്രിൽ

മാസത്തിൽ 119 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 54671/-രൂപയും മെയ്, ജൂൺ മാസങ്ങളിൽ 89 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 40888/-രൂപയും ജൂലൈ മാസം മുതൽ 69 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 31700/- രൂപയും മാർച്ച് മാസം 105 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 48239/- രൂപയും ഡിമാന്റ് ചെയ്തിരുന്നു. എന്നാൽ പ്രതിമാസം 22050/- രൂപ മാത്രമാണ് ഒടുക്കി വരുന്നത്. 2021-22 സാമ്പത്തിക വർഷം മാത്രം 267225/-രൂപ ഫൈൻ ഇനത്തിൽ പഞ്ചായത്തിന്റെ ബാധ്യതയായിരിക്കെ S005/21, S0128/22 നമ്പർ പ്രോജക്ടുകളിലായി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വകയിരുത്തി യഥാക്രം 138338/- രൂപയും 700000/- രൂപയും അടങ്കലിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചതിന് ശേഷം യഥാക്രം 110250/- രൂപയും 154350/- രൂപയും മാത്രം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ 2169003/- രൂപ അലോട്ട്മെന്റ് ഉണ്ടായിരിക്കെ അവശ്യാനുസരണം തുക വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയോ വകയിരുത്തിയ തുക പോലും ചെലവഴിയ്ക്കാതിരുന്നതിനും, കുടിശ്ശിക തുക ഒടുക്കി ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാതിരുന്നതിന്റെയും കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14/16.8.22 ) ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പൊതുടാപ്പുകളുടെ പ്രതിമാസ വാട്ടർ ബിൽ 4/2019 വരെ 169 പൊതുടാപ്പുകൾക്കാണ് ചുമത്തിയിരുന്നത്. എന്നാൽ 5/2019 ലെ ഡിമാൻറ് നോട്ടീസിൽ ടാപ്പുകളുടെ എണ്ണം 269 ആയി കാണിച്ച് 100 ടാപ്പുകളുടെ അധിക കരം ഡിമാൻറ് ചെയ്തിരുന്നു. ഇക്കാലയളവിൽ ഗ്രാമപഞ്ചായത്ത് പുതുതായി പൊതുടാപ്പുകൾ സ്ഥാപിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് അസിസ്റ്റൻറ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, ഹരിപ്പാടിന് 13/06/2019 ൽ സി3-966/19 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ 5/2019 മുതൽ 07/2020 വരെ പ്രതിമാസം 43750/- രൂപ നിരക്കിൽ 15 മാസത്തേയ്ക്ക് 656250/- രൂപ അധികമായി ഡിമാൻറ് നൽകിയിരുന്നു. ഉപയോഗപ്രദമായ 48 പൊതുടാപ്പുകൾ ഒഴിച്ച് ബാക്കിയുള്ളവയുടെ കണക്ഷൻ വിച്ഛേദിക്കുന്നതിലേയ്ക്ക് കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലപ്പുഴയുടെ 16/09/2019 ലെ ഡി3-6505/2019 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 261000/- രൂപ 06/07/2020 ന് വാട്ടർ അതോറിറ്റിയുടെ 57019277517 എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതാണ്. എന്നാൽ 48 പൊതുടാപ്പുകളുടെ വെള്ളക്കരമായി 21000/- രൂപ പ്രതിമാസം ഡിമാൻറ് ചെയ്യുന്നതിനു പകരം 08/2020 മുതൽ 01/2021 വരെ 221 പൊതുടാപ്പുകളുടെ കരം അധികമായി പ്രതിമാസം 96687.50 രൂപ ക്രമത്തിൽ 580125/- രൂപയും 2/2021 ൽ 171 അധിക ടാപ്പുകളുടെ വെള്ളക്കരമായി 74812/- രൂപയും 3/2021 ൽ 121 അധിക ടാപ്പുകളുടെ കരമായി 52937/- രൂപയും 04/2021 ൽ 71 അധിക ടാപ്പുകളുടെ കരമായി 32621/- രൂപയും 5/2021, 6/2021 എന്നീ മാസങ്ങളിൽ 41 വീതം അധിക ടാപ്പുകളുടെ കരമായി 37676/- രൂപയും 7/2021 മുതൽ 9/2021 വരെ 21 വീതം അധിക ടാപ്പുകളുടെ കരമായി 28950/-ഡിമാൻറ് ചെയ്തിരിക്കുന്നു. ഇപ്രകാരം 8/2020 മുതൽ 09/2021 വരെ പൊതുടാപ്പുകളുടെ അധിക കരമായി 2077591/- രൂപയും പിഴപ്പലിശയായി 40575/- രൂപയും ചേർത്ത് ആകെ 2140216/- രൂപയായി മേൽ സൂചന (1) പ്രകാരം ഡിമാൻറ് ചെയ്തിരിക്കുന്നു. അധികമായി ചുമത്തിയിരുന്ന വെള്ളക്കരം ഒഴിവാക്കുന്നതിലേയ്ക്ക് 07/09/2019, 29/07/2020, 09/03/2021, 05/10/2021 എന്നീ തീയതികളിൽ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നെങ്കിലും നാളിതുവരെ അനധികൃതമായി ചുമത്തപ്പെട്ടിട്ടുള്ള കരം ഒഴിവാക്കി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി ജനറൽ മാനേജിംഗ് ഡയറക്ടർക്കും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേയ്ക്കും കത്ത് നൽകിയിട്ടുണ്ട്.

ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28/05/2022 ലെ ഇ5-1821/22 നമ്പർ കത്ത് പ്രകാരം കേരള വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി ചേർന്ന് ജോയിന്റ് വേരിഫിക്കേഷൻ നടത്തിയപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 105 എണ്ണം പൊതുടാപ്പുകൾ മാത്രമാണ് ഉള്ളത് എന്ന് ബോധ്യപ്പെടുകയും ആയതിൻ പ്രകാരം 1/2022 മുതൽ 105 എണ്ണം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കി വരികയുമാണ്. അടുത്ത വാട്ടർ അതോറിറ്റിയുടെ അദാലത്തിൽ വിഷയം പരിഗണിച്ച് അനധികൃതമായി ഡിമാൻറ് ചെയ്തിരിക്കുന്ന തുകയും പലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. സർക്കാരിൽ നിന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിയ്ക്കുന്ന വിശദീകരണങ്ങൾക്കനുസരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ 2021-22 സാമ്പത്തിക വർഷം താഴെപ്പറയും പ്രകാരം ഫൈൻ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് ചെയ്ത ഫൈൻ |
|---|---|---|
| 1 | 50914/13.4.2021 | 34757 |
| 2 | 52296/18.5.2021 | 36075 |
| 3 | 52945/8.6.2021 | 37142 |
| 4 | 53607/5.7.2021 | 38241 |
| 5 | 54622/5.8.2021 | 39176 |
| 6 | 55504/4.9.2021 | 40575 |

| | | |
|---|---|---|
| 7 | 56620/7.10.2021 | 41111 |
| 8 | 57435/6.11.2021 | 42107 |
| 9 | 58290/7.12.2021 | 43122 |
| 10 | 59282/6.1.2022 | 44157 |
| 11 | 60395/9.2.2022 | 45212 |
| 12 | 61438/ 9.3.2022 | 45765 |
| | ആകെ | 487440/- |

## 1-16 പാലിയേറ്റീവ് കെയർ - മരുന്ന്, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നമ്പർ - S0036/22

അടങ്കൽ – 670000/- (500000 – വികസനഫണ്ട് സാധാരണ വിഹിതം+ 170000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.

ചെലവ്

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|
| 1. | 21070652007600080202/25.5.21 | 33350 |
| 2. | 21070652007600105534/2.6.21 | 31190 |
| 3. | 21070652007600168364/2.7.21 | 35180 |
| 4. | 21070652007600274531/6.8.21 | 36380 |
| 5. | 21070652007600437475/20.9.21 | 35420 |
| 6. | 21070652007600917371/11.1.21 | 69230 |
| 7. | 21070652007600495032/8.10.21 | 34050 |
| 8. | 21070652007600080202/25.5.21 | 33350 |
| 9. | 21070652007601253927/5.3.22 | 35010 |
| 10. | 21070652007601396109/19.3.22 | 34550 |
| 11. | 21070652007601038974/1.2.22 | 80179 |
| 12. | 21070652007600495050/8.10.21 | 170000 |
| 13. | 21070652007601038969/1.2.22 | 35180/- |

ബിൽ റഫറൻസ് നമ്പർ 21070652007601038974/1.2.22 പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനായി 80179/- രൂപ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽ നിക്ഷേപിച്ചിരുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 20590.35/- രൂപ മൂല്യമുള്ള ഉപകരണങ്ങൾ (വീൽ ചെയറും (8550.12) ബി.പി.അപ്പാരറ്റസും (7346) 2 എണ്ണം വീതവും 10 അഡൾട്ട് ഡയപ്പറും (4694.23))ലഭിച്ചിട്ടില്ല. ബിൽ റഫറൻസ് നമ്പർ. 21070652007601038969/1.2.22 പ്രകാരം 35180/- രൂപ പിൻവലിച്ചുവെങ്കിലും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ മരുന്ന് വാങ്ങുന്നതിനായി 170000/- രൂപ മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും 135335/- രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിരുന്നത്. 34665/- രൂപയുടെ മരുന്ന് ലഭിച്ചില്ല. മരുന്നും ഉപകരണങ്ങളും ലഭ്യമാകാത്തതും രേഖകൾ ലഭ്യമാകാത്തത് സംബന്ധിച്ചും ഓഡിറ്റ് അന്വേഷണം – 22/20.8.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളും ഉപകരണങ്ങളും ലഭ്യമാകുന്നത് വരെ 90435.35/- രൂപയുടെ (20590.35+35180+34665) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഗവ.യു.പി.എസ് അനുബന്ധചെലവുകൾ -അംഗീകൃത എസ്റ്റിമേറ്റില്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചു.

മഹാദേവികാട് ഗവ.യു.പി.എസ് അനുബന്ധചെലവുകൾ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 40000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 34/22 |
| പ്രോജക്ട് | മഹാദേവികാട് ഗവ.യു.പി.എസ് അനുബന്ധചെലവുകൾ |

| | |
|---|---|
| അടങ്കൽ | 40,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ഇൻവോയ്സ് നമ്പർ | ജെ.ആർ.കെ ഇലക്ട്രിക്കൽസ്, ബിൽ നം. 18350/18-03-22-11800/-<br>ധന്യ ഹാർഡ് വെയേഴ്സ് &ഇലക്ട്രിക്കൽസ്-1089/21-03-22 17295/- |
| ചെലവ് | 40,000/-<br>ബിൽ നമ്പർ.02/21-22-/30-03-2022 |

മേൽ രണ്ട് ഇൻവോയിസുകളിലായി ഇലക്ട്രിക്കൽ ഉപകരണങ്ങൾക്കായി ആകെ 29095/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തി സംബന്ധിച്ച അംഗീകരിച്ച എസ്റ്റിമേറ്റ്, വാല്വേഷൻ, അംഗീകൃത ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/14-08-22 ന് നൽകിയ മറുപടിയോടൊപ്പം ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ വർക്ക് ചെയ്ത സർട്ടിഫിക്കറ്റും, ഇംപ്ളിമെന്റിംഗ് ഓഫീസർ ടി ജോലികൾ പൂർത്തീകരിച്ചു എന്നുള്ള സർട്ടിഫിക്കറ്റുകളും ഹാജരാക്കിയിട്ടുണ്ടെങ്കിലും ജോലികൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതോ, ജില്ലാ തല സാങ്കേതിക വിഭാഗം/പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ്, വാല്വേഷൻ എന്നിവ അംഗീകരിച്ചതോ ഉള്ള രേഖകൾ മറുപടിയ്ക്കൊപ്പം ഹാജരാക്കിയിട്ടില്ല. പകരം ഇലക്ട്രിക്കൽ കോൺട്രാക്ടറായ സുനിൽ.പി (ലൈസൻസ് നം. 9585) ഹാജരാക്കിയ 15/03/22 തീയതിയിലെ ബിൽ റഫറൻസ് നം. 28/2021-22, 35000/-രൂപ ചെലവുവരുമെന്ന സാക്ഷ്യപത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ജില്ലാ തല സാങ്കേതിക വിഭാഗത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാവണം പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് എന്നിരിക്കെ സ്വകാര്യ ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.

മറുപടിയ്ക്കൊപ്പം ഹാജരാക്കിയ കൈമുട്ടിൽ ഇലക്ട്രിക്കൽസ് &പ്ളംബിംഗ്, ഗ്രേറ്റ് വൈറ്റ് ഇലക്ട്രിക്കൽ ഹൗസ്, എന്നീ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ നിർമ്മിതമായ ക്വട്ടേഷനുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി നമ്പർ, ജി.എസ്.ടി പോർട്ടലിൽ സേർച്ച് ചെയ്തതിൽ ടി നമ്പരുകൾ നിലവിലില്ല എന്നാണ് കാണിക്കുന്നത്. ഇതോടൊപ്പം ഹാജരാക്കിയ അമല ഇലക്ട്രിക്കൽസ്, ബ്രൈറ്റ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾക്ക് ജി.എസ്.ടി നമ്പർ പോലുമില്ല. അനുബന്ധ ക്വട്ടേഷനുകൾ ആവശ്യമുള്ളത് കൊണ്ട് മാത്രം കമ്പ്യൂട്ടർ നിർമ്മിതമായ രണ്ട് ക്വട്ടേഷനുകൾ ഇതോടൊപ്പം ഹാജരാക്കുകയാണ് ചെയ്തിരിക്കുന്നത്. ടി മറുപടിയ്ക്കൊപ്പം ഹാജരാക്കിയ ഇലക്ട്രിഫിക്കേഷനുമായി ബന്ധപ്പെട്ട ക്വട്ടേഷനുകൾ ക്ഷണിച്ചിരിക്കുന്നത് 15/03/22 ലും 11/03/22 ലുമായാണ്. നാലു ദിവസം വ്യത്യാസത്തിലാണ് ഒരേ തരം ജോലിയ്ക്ക് വേണ്ടി രണ്ട് ക്വട്ടേഷനുകൾ ക്ഷണിച്ചിരിക്കുന്നത്. ഇവ ഒരേ തരം പ്രവർത്തിയായിട്ടും രണ്ട് ക്വട്ടേഷനുകളിലായി ചെയ്തതെന്തിനെന്ന് വ്യക്തമല്ല. ജില്ലാ തല സാങ്കേതിക വിഭാഗത്തിന്റെ അംഗീകരിച്ച എസ്റ്റിമേറ്റും വാല്യുവേഷൻ സർട്ടിഫിക്കറ്റും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരവും ഇല്ലാത്തതിനാൽ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 29095/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ - പൂർത്തീകരണവിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായുള്ള രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം തുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചിരുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം -20/19.8.22 നൽകിയതിന് ഇലക്ട്രിക് പോസ്റ്റുകളുടെ ലഭ്യത കുറവാണ് പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള കാരണമെന്നാണ് അറിയിച്ചത്. പൂർത്തീകരണവിവരം ലഭ്യമാകുന്നത് വരെ 1497000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിശദാംശം | ചെലവിന്റെ വിശദാംശം |
|---|---|
| പ്രോജക്റ്റ് നമ്പർ - S0100/22<br>അടങ്കൽ - 1326000/- [1321000 (സി.എഫ്.സി.) + 5000 (തനത് ഫണ്ട്) ] | ബിൽ നം - 192/18.11.21 - 895500/-<br>ബിൽ നമ്പർ - 338/5.3.22- 425500/-<br>ചെക്ക് നം. - 083838/14.3..22 - 5000/- |

| | |
|---|---|
| പ്രോജക്ട് നമ്പർ - SO126/22<br>അടങ്കൽ - 172000/- (സി.എഫ്.സി.) | XV FC /21-22/P/7 Dated 9.3.22 – 171000/- |

## 1-19 ബോർവെൽ നിർമ്മാണം - പദ്ധതിലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 8, 11, 13 വാർഡുകളിൽ ബോർവെൽ സ്ഥാപിയ്ക്കുന്നതിന് രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് 1937500 രൂപ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിരുന്നു. ബോർവെൽ സ്ഥാപിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.19/19.8.22 നൽകിയതിന് പ്രോജക്ടുകൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 1941000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ചെലവിന്റെ വിശദാംശം |
|---|---|
| പ്രോജക്ട് നമ്പർ - SO097/22<br>അടങ്കൽ-1400000/- [1388500(സി.എഫ്.സി.) + 11500 (തനത് ഫണ്ട്) ] | ബിൽ നം. 64/24.3.22– 1388500/-<br>ചെക്ക് നം. 081438/27.1.22 – 88486/-<br>ബിൽ നമ്പർ - 55/28.1.22 -17353/-<br>ബിൽ നമ്പർ - 246/10.1.22 – 397661/-<br>ബിൽ നമ്പർ - 248/10.1.22 -49000/- |
| പ്രോജക്ട് നമ്പർ - S148//22<br>അടങ്കൽ - 552500/- [17353 (വികസനഫണ്ട് സാധാരണ വിഹിതം) + 44666(സി.എഫ്.സി.) + 88486 (തനത് ഫണ്ട്) ] | |

## 1-20 പി.എച്ച്.സി കെട്ടിടത്തിന് ഫസ്റ്റ് ഫ്ലോർ നിർമ്മാണം- അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (So54/22)-പാർട്ട് ബില്ലിൽ നിന്നും റിറ്റൻഷൻ കുറവ് വരുത്തിയില്ല.

സുനിൽ കുമാർ.ജി- 643332.37

അടങ്കൽ - 800000

No. 24/AE/KPLY/05.03.22

ചെലവ് വിവരം - 214133/-ബിൽ നം26/30.03.22

എം ബുക്ക് നം. 24/21-22

800000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി ഇതേ വരെയും പൂർത്തീകരിച്ചില്ല എന്ന് കാണുന്നു. 05.03.22 ൽ കരാർ വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 5 മാസം (പ്രൈസ്)ആയിരുന്നു. M Book No. 24/21-22 പ്രകാരം പാർട്ട് ബിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പാർട്ട് ബില്ലിൽ നിന്നും റിറ്റൻഷൻ കുറവ് ചെയ്തില്ല. പൂർത്തീകരണ കാലയളവ് കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം കരാർ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/20-21), എൻ.ഐ.റ്റി പ്രകാരം 210 ദിവസമാണെന്നും പ്രസ്തുത

കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്നും റിറ്റൻഷൻ കുറവ് ചെയ്യാതിരുന്നത് മനപൂർവ്വമല്ലാത്ത വീഴ്ച മൂലം സംഭവിച്ചിട്ടുള്ളതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രൈസിൽ 5 മാസവും എൻ.ഐ.റ്റി പ്രകാരം 210 ദിവസവുമാണ് പൂർത്തീകരണ കാലാവധിയായി രേഖപ്പെടുത്തിയിട്ടുള്ളത്. കരാറിലോ എഗ്രിമെന്റ് രജിസ്റ്ററിലോ കരാർ കാലയളവ് രേഖപ്പെടുത്തിയിട്ടുമില്ല. മേൽ പറഞ്ഞ അപാകതകൾ ഭാവിയിൽ ഒഴിവാക്കപ്പെടേണ്ടതാണ്.

## 1-21 ഹോമിയോ ഹോസ്പിറ്റലിന്റെ മുൻവശത്ത് ട്രസ് വർക്കും നിലവിലുള്ള കെട്ടിടത്തിന്റെ മെയിന്റനൻസും - ഡിസ്മാന്റിൽ ചെയ്ത ഇനങ്ങളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം- 50/21

അടങ്കൽ - 350000

കരാർ നം. 08/AE/WD&EW/20-21/17.11.21

M Book No. 1/21-22

ചെലവ് തുക- 295913, ബിൽ നം. 2/05.01.22

ഹോമിയോ ഹോസ്പിറ്റലിന്റെ മുൻവശത്ത് ട്രസ് വർക്കും നിലവിലുള്ള കെട്ടിടത്തിന്റെ മെയിന്റനൻസും എന്ന പ്രവൃത്തിയിൽ കെ. മനോഹരൻ എന്ന കരാറുകാരന്റെ 7.2% കുറവായ ടെണ്ടറാണ് അംഗീകരിച്ചത്. ഇനം 1, 2 പ്രകാരം ഡിസ്മാന്റിൽ ചെയ്ത സാധനങ്ങൾ ഹോമിയോ ഹോസ്പിറ്റൽ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 16.07.22 ൽ തയ്യാറാക്കിയ സർവ്വെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. സ്വീകരിച്ച ലേല നടപടികളുടെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/20-21), 16.07.22 ൽ തയ്യാറാക്കിയ സർവ്വെ റിപ്പോർട്ടിൽ എ.എക്സ്.ഇ യുടെ നിർദ്ദേശാനുസരണം ആവശ്യമായ തിരുത്തലുകൾ വരുത്തി 17.08.22 ൽ സബ് ഡിവിഷനിൽ പുന:സമർപ്പിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമായ ശേഷം ലേല നടപടികൾക്ക് പഞ്ചായത്തിന് നൽകുന്നതാണെന്നും മറുപടി നൽകി. 12000 രൂപയുടെ മൂല്യനിർണ്ണയമാണ് നടത്തിയിട്ടുള്ളത്. ലേല നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 പൊതുവിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തൽ - മഹാദേവികാട് യു.പി.എസ് നിർമ്മാണപ്രവർത്തനങ്ങൾ-പൊതുമരാമത്ത് മാനുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പിഴ ഒടുക്കി.

പ്രോജക്റ്റ് നം. 104/21-22,S0097/21

കരാർ നം - 12/AE/LSGD/KGP/26.02.21

എസ്റ്റിമേറ്റ് - 450000

പി.എ.സി - 398773, 0.5% Below

കരാറുകാരൻ - ഉല്ലാസൻ

പൂർത്തീകരണ കാലയളവ് 20.03.21 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൂർത്തീകരണ തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പരമാവധി കാലയളവ് 6 മാസം അനുവദിച്ചാൽ പോലും പൂർത്തീകരിക്കേണ്ടിയിരുന്നത് 26.08.21 ആണ്. എന്നാൽ എം ബുക്കിൽ അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 27.10.21 ആണ്. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി കരാർ ചമച്ചിട്ടുമില്ല. PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (11/21-22), തുടർന്ന് പി.എ.സി യുടെ 1% , 4008 രൂപ രസീത് നം. 1220101037/19.08.22 പ്രകാരം പഞ്ചായത്തിൽ ഒടുക്കി. സപ്ലിമെന്ററി കരാർ ചമയ്ക്കുവാൻ നിർദ്ദേശം നൽകിയതായും മറുപടി നൽകി. പൊതുമരാമത്ത് മാനുവലിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഭവന നിർമ്മാണത്തിനായി ലഭിച്ച തുക വർഷങ്ങൾക്കു ശേഷവും വിനിയോഗിക്കാതെ അവശേഷിക്കുന്നു

അഗതി ആശ്രയ ഭവന നിർമ്മാണ പദ്ധതിയ്ക്കായി 2010 ൽ ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം 132600 രൂപ ചെലവഴിക്കാതെ ഗ്രാമ പഞ്ചായത്ത് അഗതി ആശ്രയ അക്കൗണ്ടിൽ അവശേഷിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 1-20 ൽ ഇതു സംബന്ധിച്ച പരാമർശം വന്നിരുന്നുവെങ്കിലും അതിൻ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതെ തുക നിലവിലും നിക്ഷേപമായി നിലനിർത്തിയിരിക്കുന്നത് ക്രമ

പ്രകാരമുള്ള നടപടിയല്ല.

മേൽ വിഷയത്തിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം.6/21-22/12.08.22 ന് 2022-23 വർഷത്തെ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മുൻഗണനാ ക്രമത്തിലുള്ള ഒരു ആശ്രയ ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി തുക നല്കുന്നതിന് സി ഡി എസ് വിലയിരുത്തൽ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും തുക വി.ഇ.ഒ യ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്നും സി ഡി എസ് മെമ്പർ സെക്രട്ടറി മറുപടി നല്കി.

തുക ഫലപ്രദമായി വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 ഓഡിറ്റ് തുടർ നടപടി- ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പാക്കിയ പദ്ധതിയാണ് വനിതാ ഗ്രൂപ്പിന് ബാഗ് നിർമ്മാണ യൂണിറ്റ്.

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്കു പകരം തുണി സഞ്ചി നിർമ്മിച്ചുപയോഗിക്കുക വഴി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് അധിക വരുമാനവും പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിട്ട പദ്ധതി 2020-21 വർഷം പൂർത്തീകരിച്ചില്ല.

അധിക വരുമാനത്തിലൂടെ വനിതകൾക്ക് സാമ്പത്തിക ഭദ്രത കൈവരിയ്ക്കുക, പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിലൂടെ പരിസ്ഥിതിയെ സംരക്ഷിയ്ക്കുക തുടങ്ങി വിശാലമായ ലക്ഷ്യങ്ങളോടെ രൂപീകരിച്ച പദ്ധതിയുടെ പ്രവർത്തനങ്ങൾ അടിയന്തിരമായി തുടങ്ങണമെന്നുള്ള നിർദ്ദേശം 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-24 ൽ പരാമർശിച്ചതിനെ തുടർന്ന് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുകയും നിലവിൽ അത് നല്ല രീതിയിൽ തുടരുകയും ചെയ്യുന്നുണ്ട്.

## 1-25 പി.എച്ച്.സി.യിലെ അനുബന്ധചെലവുകൾ – പ്രോജക്ട് അംഗീകാരത്തിന് വിരുദ്ധമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി

പ്രോജക്ട് നമ്പർ - S0056/22

അടങ്കൽ - 370000/- (70000{തനത് ഫണ്ട് } + 300000{മെയിന്റനൻസ് ഗ്രന്റ് - നോൺ റോഡ്})
നിർവ്വഹണം - മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.

ചെലവ്

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ | തുക |
|---|---|---|
| 1. | 21070652007600244989/27.4.21 | 13455 |
| 2. | 21070652007600244984/27.7.21 | 3498 |
| 3. | 21070652007600250203/29.7.21 | 2600 |
| 4. | 21070652007600274536/6.8.21 | 3498 |
| 5. | 21070652007600495040/8.10.21 | 5230 |
| 6. | 21070652007600710966/27.11.21 | 3317 |
| 7. | 21070652007600710969/27.1.21 | 11430 |
| 8. | 21070652007600715637/27.11.21 | 11214 |
| 9. | 21070652007600887860/5.1.22 | 98119 |
| 10. | 21070652007600110491/11.2.22 | 2949 |
| 11. | 210706520076001110496/11.2.22 | 650 |
| 12. | 21070652007601234437/3.3.22 | 941 |
| 13. | 21070652007601234470/3.3.22 | 14400 |
| 14. | 21070652007601234462/3.3.22 | 3400 |
| 15. | 21070652007601396100/19.3.22 | 1725 |
| 16. | 2107065200760404347/22.3.22 | 7694 |
| 17. | 21070652007601462072/25.3.22 | 961 |
| 18. | 21070652007601234430/28.2.22 | 450 |
| 19. | 56/31.3.22 | 7501 |

പി.എച്ച്.സി.യിലെ വൈദ്യുതി, വെള്ളം, ടെലഫോൺ ചാർജ്ജുകൾ ഒടുക്കുന്നതിനും സ്റ്റേഷനറി സാധാനങ്ങൾ വാങ്ങുന്നതിനുമായി ആവിഷ്ക്കരിച്ച പ്രോജക്ടാണിത്. പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ടി പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടർ, റിവോൾവിങ്ങ് ചെയർ, കമ്പ്യൂട്ടർ ടേബിൾ, സ്പീക്കർ എന്നിവ ഉൾപ്പെടെ 105620/- രൂപയുടെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു. വൈദ്യുതി, വെള്ളം, ടെലഫോൺ ചാർജ്ജുകൾ നൽകുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടിൽ നിന്ന് പ്രോജക്ട് അംഗീകാരത്തിന് വിരുദ്ധമായ ചെലവുകൾ നടത്തിയിട്ടുള്ളത് ക്രമപ്രകാരമല്ല. മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ – 20/20.8.22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ധാരാളം റിപ്പോർട്ടുകൾ അയച്ച് കൊടുക്കേണ്ട സാഹചര്യം ഉണ്ടായതിനാലാണ് പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയതെന്നും പ്രോജക്ട് റിവിഷൻ ചെയ്ത സമയത്ത് ഇത് ഉൾപ്പെടുത്താൻ വിട്ടുപോയെന്നുമാണ്. എന്നാൽ കോവിഡ് മഹാമാരിയുടെ തീവ്രത അവസാനിച്ചതിന് ശേഷം റിപ്പോർട്ടുകൾ അയക്കുവാനുണ്ടെന്ന് കാണിച്ച് ഡി.പി.സി.യുടേയും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ഇല്ലാതെയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനായി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. മേൽ അപാകതകളാൽ 105620/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് 10000/- രൂപ വീതം ആകെ 130000/- രൂപ ജെ.എച്ച്.ഐ. മാരുടേയും വാർഡ് മെമ്പറൻമാരുടേയും സംയുക്ത അക്കൌണ്ടിലേക്ക് ബിൽ റഫറൻസ് നമ്പർ 2107065200290066 1104 പ്രകാരം നൽകിയിരുന്നുവെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. ക്രമീകരണ രേഖകൾ ലഭ്യമാക്കുന്നത് വരെ 130000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 ന്റെ രണ്ടാം തരംഗം കാർത്തികപ്പള്ളി ഗ്രമപഞ്ചായത്തിനേയും ബാധിച്ചിരുന്നു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശാനുസരണം ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ, ബോധവത്കരണ പ്രവർത്തനം, കമ്മൂണിറ്റി കിച്ചൺ എന്നിവ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. 27.4.21 മുതൽ 11.8.21 വരെ മിനി വ്യവസായ കേന്ദ്രത്തിലാണ് സാമൂഹ്യ അടുക്കള പ്രവർത്തിച്ചിരുന്നത്. തൻവർഷം കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി സന്നദ്ധസംഘടനകൾ, വ്യക്തികൾ എന്നിവരിൽ നിന്ന് സംഭാവനകൾ ലഭിച്ചില്ലയെങ്കിലും രോഗികൾക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു ആമ്പുലൻസ് കോവിഡ് കാലത്തേയ്ക്ക് സൌജന്യമായി ദേവാസ് ഗ്രൂപ്പ് നൽകിയിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി 2 പ്രോജക്ടുകളും ആയുർവേദ, പി.എച്ച്.സി. മെഡിക്കൽ ഓഫീസർമാർ ഓരോ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 1482938/- രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. പ്രത്യേക പരിഗണന ലഭിയ്ക്കേണ്ടവരുടെ സുരക്ഷയ്ക്കായി ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിരുന്നുവെങ്കിലും ഈയിനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 200000 | പാലിന് സബ്സിഡി (പ്രോ.നം25) | 200000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021/22 | 100000 | അംഗൻവാടി പോഷകാഹാരം(26) | 100000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021/22 | 65000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(27) | 65000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 75000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(27) | 75000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 170000 | പാലിയേറ്റീവ് കെയർ (36) | 170000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 250417 | ലൈഫ് ഭൂമിവാങ്ങൽ(67) | 250417 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 1147212 | ലൈഫ് ഭവനനിർമ്മാണം ജനറൽ(69) | 1147212 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021/22 | 208682 | ലൈഫ് ഭവനനിർമ്മാണം ജനറൽ(69) | 208682 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2021/22 | 500000 | ലൈഫ് ഭവനനിർമ്മാണം എസ് സി പി | 500000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2021/22 | 257646 | ലൈഫ് ഭവനനിർമ്മാണം എസ് സി പി | 257646 | ഇല്ല |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ നീട്ടൽ(100) | 192/18.11.21<br>338/05.03.22<br>83838/14.03.22 | 1326000 | 0 | 1326000 |
| GWD | ബോർവെൽ നിർമ്മാണം(97) | XVFC/2021-22 /P/5/10.02.2022 | 1388500 | 0 | 1388500 |
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ രണ്ടാം ഘട്ടം(126) | XVFC/2021-22 /P/7/09.03.2022 | 171000 | 0 | 171000 |
| GWD | ബോർവെൽ നിർമ്മാണം അധികവിഹിതം (148) | 246/10.01.22<br>248/10.01.22<br>081438/27.01.22 | 552500 | 0 | 552500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC LIFE LOAN | | 640000 | 20925431 | 2185154 | - | 19380277 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62296991 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56936078 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3793150.35 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 29095 | ശ്രീ. ശിവദാസ് ജെ, ഹെഡ്മാസ്റ്റർ, ഗവ.യു പി എസ് |
| 1-18 | 1497000 | ശ്രീ. ഉല്ലാസ് കുമാർ റ്റി, സെക്രട്ടറി |
| 1-19 | 1941000 | ശ്രീ. ഉല്ലാസ് കുമാർ റ്റി, സെക്രട്ടറി |
| 1-25 | 105620 | ഡോ ലാവണ്യാ രോഹിത്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-16 | 90435.35 | ഡോ ലാവണ്യാ രോഹിത്, മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 1-26 | 130000 | ശ്രീ. ഉല്ലാസ് കുമാർ റ്റി, സെക്രട്ടറി |
| | 3793150.35 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉല്ലാസ് കുമാർ.റ്റി, സെക്രട്ടറി | സെക്രട്ടറി,കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് | മണി ഭവനം,താമല്ലാക്കൽ പി.ഒ,ഹരിപ്പാട് |

| | | |
|---|---|---|
| ഡോ. ലാവണ്യാ രോഹിത്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) | മെഡിക്കൽ ഓഫീസർ(പി എച്ച് സി), കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് | ശ്രീപാർവ്വതി,കോമന,അമ്പലപ്പുഴ |
| ശ്രീ. ശിവദാസ് ജെ, ഹെഡ്മാസ്റ്റർ, ഗവ.യു പി എസ് | വിരമിച്ചു | ശാസ്താനടയ്ക്കൽ, മഹാദേവികാട്.പി.ഒ, ഹരിപ്പാട് |

## 4-10 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5/1832/2011/25.01.2012 |
| 2006-07 | എൽ.എഫ്.എ.പി.3/53/11/13.07.2012 |
| 2007-08 | എൽ.എഫ്.എ.പി.3/53(1)/11/18.04.2012 |
| 2008-09 | എൽ.എഫ്.എ.പി.3/1209/11/18.04.2012 |
| 2009-10 | എൽ.എഫ്.എ.പി.3/1210/11/18.04.2012 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.3/9/13/15.02.2013 |
| 2012-13 | എൽ.എഫ്.എ.പി.3/1001/14/08.12.2014 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്-പി3/1035/2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.3/1417/15/23.11.2015 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.3/1251/16/08.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.3/1036/17/04.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി.3/94/2019/10.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി.3/407/2020/28.05.2020 |
| 2019-20 | കെ.എസ്.എ.എ.എൽ.പി.3/739/2021/23.09.2021 |
| 2020-21 | കെ.എസ്.എ.എ.എൽ.പി.3/740/2021/24.09.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്